# വിപത്തുകളിൽനിന്ന് പാഠം പഠിക്കുക.

jthrees@hotmail.com

വീഴ്ച പറ്റുന്നതല്ല തകരാറ്. വീഴ്ചയിൽനിന്ന് എഴുന്നേല്ക്കാതിരിക്കുന്നതാണ് തകരാറ്. വിപത്തിനെ മാനുഷികമായി പ്രതിരോധിക്കാൻ സാധിക്കണം.

പക്ഷേ നമുക്കെന്തോ സംഭവിച്ചിരിക്കുന്നു.

ദുർഗന്ധം കാരണം കോടതിനടപടി നിർത്തിവെച്ച സംഭവം കേരളത്തിൽ മാത്രമായിരിക്കാം സംഭവിച്ചിട്ടുണ്ടാവുക. കേരളത്തിൻെറ പുരോഗമന നഗരിയായ കൊച്ചിയിലാണത് നടന്നതെന്ന് കേൾക്കുമ്പോൾ നമ്മുടെ സംസ്കാരവും വൃത്തിയും തമ്മിലുള്ള ബന്ധം എത്രമാത്രമുണ്ടെന്ന് മനസ്സിലാക്കാനാകും.

വൃത്തി സംസ്കാരത്തിൻെറ ഭാഗമാണ്. നാഗരികതയുടെ അടയാളമാണ്. വ്യക്തിയുടെയും സമൂഹത്തിൻെറയും വൃത്തി -അത് ശാരീരികമാകട്ടെ, മാനസികമാകട്ടെ - അവയെ അവഗണിച്ചുകൊണ്ടല്ല മുന്നോട്ടുനീങ്ങേണ്ടത്. അത് സ്വയം നാശം വിളിച്ചുവരുത്തലാണ്.

മാറിവരുന്ന ജീവിതശീലങ്ങളും ആരോഗ്യകരമല്ലാത്ത ജീവിതചുറ്റുപാടുകളും പ്രകൃതിയുടെ സന്തുലനത്തെ മറികടന്നുള്ള പരിഷ്കരണപ്രവർത്തനങ്ങളുമൊക്കെ നമ്മുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

വൃത്തിയുടെ സാമൂഹികപ്രാധാന്യത്തെ പറ്റി പറഞ്ഞു പഠിപ്പിക്കേണ്ടത് കുട്ടികളെയാണ്. പക്ഷേ കുട്ടികളല്ലല്ലോ സമൂഹത്തിൽ കാര്യങ്ങൾ കൈയാളുന്നത്. പടർന്നുപിടിക്കുന്നത് എലിപ്പനിയായാലും ഡംഗിപ്പനിയായാലും കോഴിപ്പനിയായാലും നവജാതർ മരിച്ചൊടുങ്ങിയത് അണുബാധമൂലമായാലും മറ്റു തരത്തിലുള്ള രോഗങ്ങൾ നിമിത്തമായാലും ജനം ദുരിതം പേറുമ്പോൾ വേണ്ടരീതിയിൽ കൈകാര്യം ചെയ്യാൻ നമ്മുടെ ഭരണകൂടങ്ങൾക്ക് മിക്കപ്പോഴും സാധിക്കാറില്ല. അത് വീഴ്ച തന്നെയാണ്. (എന്നാൽ ഈ വീഴ്ച പരിഹരിക്കുന്ന ഒരു പ്രതിപക്ഷമല്ല ദൗർഭാഗ്യവശാൽ നമുക്കുള്ളതെന്ന് സാന്ദർഭികമായി സൂചിപ്പിക്കട്ടെ. ഭരണപക്ഷത്തിൻെറ ദൗർബല്യങ്ങളിലാണ് അവരുടെ ജീവൻ. ജനം അവരുടെ മുന്നിലില്ല.)

വൃത്തി ഭരണകൂടങ്ങളുടെ മാത്രം ഉത്തരവാദിത്തമല്ല. അതിൻെറ പ്രഥമ ബാധ്യത ഓരോരുത്തർക്കുമാണ്. എൻെറ ചുറ്റുപാടുകളെ ഞാൻ രോഗവിമുക്തമായി സൂക്ഷിക്കും എന്ന് ഓരോരുത്തരും തീരുമാനിച്ചാൽ നമ്മെ അസ്വസ്ഥമാക്കുന്ന മാറാരോഗങ്ങളെ ഒരു പരിധിയോളം തടയുവാൻ നമുക്ക് സാധിക്കും.

മനുഷ്യജീവിതത്തിന് അവൻെറ സ്രഷ്ടാവ് നിശ്ചയിച്ച പ്രകൃതിയോടു കൂടി ജീവിക്കുകയെന്നതാണ് വിവേകം. ജീവിതാഭിലാഷങ്ങളൊക്കെ ആവാം. പക്ഷേ അത് ജീവിതത്തിൻെറ സന്തുലനത്തെ ദോഷകരമായി ബാധിക്കുന്ന തരത്തിലാകുന്നത് അപകടവും ദൈവധിക്കാരവുമാണ്.

ഓരോ വിപത്തിനു പിന്നിലും നമ്മുടെ തെറ്റായ നിലപാടുകളുണ്ട്. മനുഷ്യകരങ്ങൾ തന്നെയാണ് വിപത്ത് വരുത്തിവെക്കുന്നത്. അത് കണ്ടെത്തി തിരുത്താനുള്ള വിവേകം നമുക്ക് ഉണ്ടാകണം. പരസ്പരം പഴിചാരുന്നത് രാഷ്ട്രീയത്തിന് കൊള്ളാം. പക്ഷേ അത് മനുഷ്യർക്ക് ഉപകരിക്കില്ല.

മനുഷ്യന് നിശ്ചയിച്ച പ്രകൃതിയിൽ ഒതുങ്ങിജീവിക്കാൻ നമുക്ക് സാധിക്കണം. പ്രകൃതിക്ക് നിശ്ചയിച്ച പ്രകൃതിയെ പാവനമായി സൂക്ഷിക്കുക. നമ്മുടെ ജീവിതവുമായി ബന്ധപ്പെട്ടതാണ് അതെന്ന് നാം തിരിച്ചറിയുക.

ഓരോ വിപത്തിനു പിന്നിലും ദൈവികപരീക്ഷണമുണ്ട്. മനുഷ്യൻെറ ജീവിതരീതിയുമായി അതിന് ബന്ധമുണ്ടെന്ന കാര്യം പ്രത്യേകം ഓർക്കുക. നമ്മുടെ ആരോഗ്യത്തെയും പ്രകൃതിയെയും സംരക്ഷിക്കേണ്ടത് നാം തന്നെയാണ്. നമ്മുടെ ജീവിതരീതിയും ശീലങ്ങളും അതിനെ നശിപ്പിക്കാതിരിക്കാൻ നാം ശ്രദ്ധിക്കണം.

അബദ്ധം പറ്റാം. അത് ഒരു ശൈലിയാക്കരുത്.